## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3380 | 14.03.2018 ൽ മറുപടിയ്ക്ക് |
|---|---|
| **കേന്ദ്ര വിഹിതത്തിലെ കുറവ് അംഗൻവാടി പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ നടപടി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ബി.ഡി. ദേവസ്സി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) അംഗൻവാടികളിൽ ഫീഡിംഗ് അടക്കമുള്ളവ സ്വകാര്യവത്കരിക്കുന്നതിന് കേന്ദ്രസർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ)ഇത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും അറിയിപ്പ് ലഭിച്ചതായി കാണുന്നില്ല |
| (ബി) ഐ സി ഡി എസ് -കൾക്കുള്ള കേന്ദ്ര വിഹിതത്തിൽ കുറവുവരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് അംഗൻവാടികളുടെ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ ; | (ബി) ഐ സി ഡി എസ്-കൾക്കുള്ള കേന്ദ്ര വിഹിതത്തിൽ കുറവുവരുത്തിയിട്ടുണ്ട്. ഐ സി ഡി എസ് ന്റെ ജീവനക്കാരുടെ ശമ്പള ഇനത്തിൽ കേന്ദ്രവിഹിതം 60% എന്നത് 25% ആയി കുറവ് വരുത്തിയിട്ടുണ്ട്. ഇത് അംഗൻവാടികളുടെ പ്രവർത്തനത്തെ ബാധിക്കാതിരിക്കുന്നതിനായി ടി ബാദ്ധ്യത 01.12.2017 മുതൽ സംസ്ഥാന സർക്കാർ വഹിച്ചു വരികയാണ്. |
| (സി) അംഗൻവാടികളിൽ ഡിജിറ്റൽ സ്കെയിൽ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ? | (സി) 2013-14, 2014-15,2015-16 സാമ്പത്തിക വർഷങ്ങളിൽ അംഗൻവാടികളിലെ വെയിംഗ് സ്കെയിൽ 15% Replace ചെയ്യുന്നതിന് കേന്ദ്ര സഹായം ലഭ്യമായ മുറയ്ക്ക് ഫണ്ട് അനുവദിച്ചിരുന്നു. ഇതു പ്രകാരം ആകെ 14901 വെയിംഗ് സ്കെയിൽ Replace ചെയ്തിട്ടുണ്ട്. 2016-17, 2017-18 സാമ്പത്തിക വർഷം ഈ ഇനത്തിനായി കേന്ദ്രഫണ്ട് വകയിരുത്തിയിരുന്നില്ല. ഈ വർഷം വെയിംഗ് സ്കെയിലിനായി ഫണ്ട് വകയിരുത്തുന്നതിനായി കേന്ദ്ര സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ